**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 96429/AC A1-1/2022/ACAD                                   തീയതി: 12.07.2022

പ്രിയദർശിനി ഹിൽസ്

**സർക്കുലർ**

വിഷയം:- എക്സൈസ് വിമുക്തി - യുവാക്കളുടെയും കൗമാര പ്രായക്കാരുടെയും ഇടയിലെ ലഹരി ഉപയോഗം - പ്രതിരോധ - പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്:-

സൂചന :- എക്സൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നുള്ള 16.06.2022 തീയതിയിലെ കത്ത്.

യുവാക്കളുടെയും കൗമാര പ്രായക്കാരുടെയും ഇടയിലെ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം ഇല്ലാതാക്കുന്നത്, പ്രതിരോധ-പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നത് എന്നിവ സംബന്ധിച്ച് എക്സൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും സർവ്വകലാശാലയിൽ ലഭിച്ച മേൽ സൂചന പ്രകാരമുള്ള കത്തിലെ നിർദ്ദേശങ്ങൾ എല്ലാ അഫിലിയേറ്റഡ് കോളേജുകളും പഠന വകുപ്പുകളും പാലിക്കണമെന്ന് അറിയിക്കുന്നു.

ടി വിഷയം സംബന്ധിച്ചുള്ള വിശദാംശങ്ങൾക്കും തുടരന്വേഷണങ്ങൾക്കും മേൽ സൂചന പ്രകാരമുള്ള കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.

**ഉദയകുമാർ ജി**

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

സ്വീകർത്താവ്

1. അഫിലിയേറ്റഡ് കോളേജുകൾ/പഠന വകുപ്പുകൾ
2. വൈസ്- ചാൻസിലർ/പ്രൊ-വൈസ്ചാൻസിലർ എന്നിവരുടെ പി.എസ്
3. രജിസ്ട്രാർ/പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ
4. ജോയിന്റ് രജിസ്ടാർ II (ഭരണം)/ അസിറ്റന്റ് രജിസ്ട്രാർ1/ഡെപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമിക്)
5. കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ/പി.ആർ.ഓ

Draft #3 of File 96429/AC A1-1/2022/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 12-Jul-2022 12:00 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

6. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉള്ളടക്കം

സൂചന കത്ത്

Draft #3 of File 96429/AC A1-1/2022/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 12-Jul-2022 12:00 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 96429/AC A1-1/2022/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 12-Jul-2022 12:00 PM - Page 3

File No EXC/956/2021-VIMUKTHI 1 (2)

**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 16-06-2022
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ::0471-2322825

പ്രേഷകൻ :

എക്സൈസ് കമ്മീഷണർ
തിരുവനന്തപുരം

ഗ്രാഹകൻ :

രജിസ്ട്രാർ
മഹാത്മ ഗാന്ധി സർവ്വകലാശാല
അതിരമ്പുഴ
കോട്ടയം

സർ.

വിഷയം : എക്സൈസ് വിമുക്തി യുവാക്കളുടെയും കൗമാരപ്രായക്കാരുടെയും ഇടയിലെ ലഹരി ഉപയോഗം - പ്രതിരോധ - പരിഹാര മാർഗ്ഗങ്ങൾ ആർട്സ് കോളേജുകളിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന :-

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്ത് യുവാക്കളുടെയും കൗമാരപ്രായക്കാരുടെയും ഇടയിൽ വർദ്ധിച്ചു വരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ ഭാഗമായി ഈ വിഷയത്തിൽ സ്വീകരിക്കേണ്ട പ്രതിരോധ പരിഹാര മാർഗ്ഗങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് 30/01/2021 ൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാരുടെ സൂം മീറ്റിംഗ് ചേർന്നിട്ടുള്ളതാണ്. ടി മീറ്റിംഗിൽ പങ്കെടുത്ത വിവിധ അധ്യാപകർ മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ സ്വീകരിക്കാവുന്ന നടപടികളെ സംബന്ധിച്ച ഒരു മാർഗ്ഗരേഖക്ക് രൂപം നൽകിയിട്ടുള്ളതുമാണ്. ടി മാതൃകയിൽ തന്നെ സംസ്ഥാനത്തെ ആർട്സ് യൂണിവേഴ്സിറ്റികളുടെ കീഴിലെ കോളേജുകളിലും വിജയകരമായ ടി മാർഗരേഖ നടപ്പിലാക്കുന്നത് ഇന്ന് വിദ്യാർത്ഥികൾക്കിടയിൽ നിലനിൽക്കുന്ന ലഹരിയുടെ ദുരുപയോഗം ഇല്ലാതാക്കുന്നതിന് സഹായകമാകുന്നതാണ്.

കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം പ്രതിരോധിക്കുന്നതിനും, ആവശ്യമായ മാർഗനിർദേശം നൽകുന്നതിനും എല്ലാ കോളേജ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ക്യാമ്പസിനുള്ളിലും കോളേജ് ഹോസ്റ്റലുകളിലും പ്രിൻസിപ്പലിന്റെ / വൈസ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ ചുവടെ ചേർക്കും പ്രകാരം അംഗങ്ങളെ ഉൾപ്പെടുത്തി **നേർക്കൂട്ടം, ശ്രദ്ധ** എന്ന പേരിൽ പ്രത്യേകം കമ്മറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. ശ്രദ്ധ - (SRADHA - STUDENTS RESCUE AGAINST DRUG HABITS & ADDICTION) എന്ന പദ്ധതി എല്ലാ കോളേജ് ഹോസ്റ്റലുകളിലും നടപ്പാക്കുന്നതിലേക്കായി ചുവടെ ചേർക്കുന്ന പ്രകാരം അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി – രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

i. ഹോസ്റ്റൽ വാർഡൻ

iii. ഓരോ വർഷത്തേയും വിദ്യാർത്ഥികളെ പ്രതിനിധീകരിക്കുന്ന ഒരു വിദ്യാർത്ഥി വീതം.

iv. രക്ഷകർത്താക്കളുടെ / പി.ടി.എ യുടെ പ്രതിനിധികൾ (2 പേർ)

v. വിമുക്തി മാനേജർ / അസ്സിസ്റ്റന്റ് എക്സൈസ് കമ്മീഷണർ / ബന്ധപ്പെട്ട എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ / എക്സൈസ് ഇൻസ്പെക്ടർ

vi. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗങ്ങൾ (2 പേർ)

2. **നേർക്കൂട്ടം** (NERKKOTTAM)

വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം പ്രതിരോധിക്കുന്നതിന് എല്ലാ കോളേജ് ക്യാമ്പസിനുള്ളിലും **പ്രിൻസിപ്പലിന്റെ / വൈസ് പ്രിൻസിപ്പലിന്റെ** നേതൃത്വത്തിൽ ചുവടെ ചേർക്കും പ്രകാരം അംഗങ്ങളെ ഉൾപ്പെത്തി ഒരു കമ്മറ്റി **നേർക്കൂട്ടം** - രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവൻ താൽപര്യപ്പെടുന്നു.

i. വിദ്യാർത്ഥി / വിദ്യാർത്ഥിനി പ്രതിനിധികൾ

ii. എൻ.എസ്.എസ് / ലഹരി വിരുദ്ധ ക്ലബ്ബ് ചുമതലയുള്ള അധ്യാപകൻ (ക്ലബ്ബ് കൺവീനർ),

iii. ലഹരി വിരുദ്ധ ക്ലബ്ബ് ഭാരവാഹികളായുള്ള വിദ്യാർത്ഥികൾ (2 പേർ), രക്ഷകർത്തൃ പ്രതിനിധികൾ (2 പേർ).

iv. വിമുക്തി മാനേജർ / അസ്സിസ്റ്റന്റ് എക്സൈസ് കമ്മിഷണർ/ ബന്ധപ്പെട്ട എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ

v. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗങ്ങൾ (2 പേർ)

ടി കമ്മറ്റികൾ (**ശ്രദ്ധ, നേർക്കൂട്ടം**) വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം സംബന്ധിച്ച വിവരങ്ങൾ / പരാതികൾ പരിശോധിക്കുകയും കോളേജ് ലഹരി വിരുദ്ധ ക്ലബ്ബിന്റെ നേതൃത്വത്തിൽ ആവശ്യമായ പ്രതിരോധ - പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകണം. എക്സൈസ് വകുപ്പ് തലത്തിൽ നടപടി

Draft #3 of File 96429/AC A1-1/2022/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 12-Jul-2022 12:00 PM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 96429/AC A1-1/2022/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 12-Jul-2022 12:00 PM - Page 5

ആവശ്യമുള്ളവ പരിശോധിച്ച് ആയതിൻമേൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് കൗൺസിലിംഗ് / ഡീ-അഡിക്ഷൻ ചികിത്സ ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ അവർക്ക് ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ അവർക്ക് ആവശ്യമായിട്ടുള്ള ഡീ-അഡിക്ഷൻ ചികിത്സ/കൗൺസിലിംഗ് വിമുക്തി സെന്റർ മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികളും എക്സൈസ് വകുപ്പ് മുഖേന സ്വീകരിക്കാവുന്നതാണ്. ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാവിധ സഹകരണവും **ശ്രദ്ധ, നേർക്കൂട്ടം** കമ്മിറ്റിയിൽ അംഗമായ എക്സൈസ് ഉദ്യോഗസ്ഥർ മുഖേന കോളേജുകൾക്ക് ലഭ്യമാക്കുന്നതാണ്.

**എല്ലാവരുടേയും കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ സമൂഹത്തിൽ നിന്നും മയക്ക് മരുന്നുൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ദുരുപയോഗം തുടച്ചുനീക്കുവാൻ കഴിയുകയുള്ളൂവെന്ന് സവിനയം അറിയിക്കുന്നു. എക്സൈസ് വകുപ്പിന്റെ ഈ ഉദ്യമത്തിൽ എല്ലാ അധ്യാപകരുടെയും സഹകരണം ഉണ്ടാകണമെന്നും ബന്ധപ്പെട്ട കോളേജ് അധികൃതർക്ക് ആവശ്യമായ നിർദേശം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.**

വിശ്വസ്തതയോടെ
RAJEEV D.
ADDITIONAL EXCISE COMMISSIONER
എക്സൈസ് കമ്മീഷണർക്കു വേണ്ടി

**Signed by Rajeev D.**
**Date: 16-06-2022 15:43:29**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം